പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2407 **27-10-2026-ൽ മറുപടിയ്ക്ക്**

കല്ലിക്കണ്ടി 110 കെ വി സബ്സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. പ്രവീൺ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി.സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

മറുപടി: കല്ലിക്കണ്ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് വിശദമായ അന്വേഷണം നടത്തുകയും, സ്ഥലം ലഭ്യമാക്കുന്നതിനായി താത്പര്യപത്രം (Expression of Interest- EOI) ക്ഷണിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള പ്രദേശത്തെ ഭൂമിവിലയ്ക്ക് അനുസൃതമായി ഒരു ഏക്കർ 12 സെന്റ് സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്ന് സ്ഥല ഉടമകൾ സമ്മതപത്രം നൽകിയിട്ടുണ്ട്.

എന്നാൽ, സബ്സ്റ്റേഷൻ പ്ലോട്ടിലേക്കുള്ള 50 മീറ്റർ നീളത്തിലുള്ള അപ്രോച്ച് റോഡിന്റെ വീതി വർധിപ്പിക്കുന്നതിന് ഏകദേശം 5.62 സെന്റ് സ്ഥലം കൂടി കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമാകേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്ഥലഉടമകൾ എതിർപ്പ് അറിയിച്ചതിനാൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭരണാനുമതി നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: പ്രസ്തുത സബ്സ്റ്റേഷൻ യാഥാർഥ്യമാക്കുന്നതിനായി സാങ്കേതിക സാധ്യതാ പഠനം നടത്തി. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടുണ്ട്. അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന പക്ഷം സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ